

Government
HSS & VHSS
Kadakkal

# മികവിന്റെ കേന്ദ്രം

## വികസന രേഖ




പ്രിയ സുഹൃത്തേ,

നമ്മുടെ നാടിന്റെ അക്ഷരസ്വപ്നങ്ങൾക്ക് സഫലതയുടെ ചിറകു നൽകി അറിവിന്റെ ആകാശച്ചെരുവിലേക്ക് അനവധി തലമുറകളെ നയിച്ച നമ്മുടെ വിദ്യാലയം ഇന്ന് അഭിമാനകരമായ വളർച്ചയുടെ മറ്റൊരു ഘട്ടത്തിലാണ്. ഈ നാടിന്റെ അടങ്ങാത്ത വിജ്ഞാന ദാഹത്തിന് അറിവിന്റെ ഇത്തിരി തെളിനീർ നൽകാൻ അക്ഷരസ്നേഹിയും ക്രാന്തദർശിയുമായ ശ്രീ. തട്ടാമല രാമൻപിള്ള സാർ തുടക്കംകുറിച്ച ഈ സ്ഥാപനം ഇന്ന് സംസ്ഥാനത്തെതന്നെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മാറിയിട്ടുണ്ട്.

പുതിയ കാലം ആവശ്യപ്പെടുന്ന ഒരു പരിവർത്തനഘട്ടത്തിലേക്ക് ഈ അക്ഷരവർഷം നാം കടക്കുന്നു. സാധാരണക്കാരന്റെ വിദ്യാഭ്യാസസ്വപ്നങ്ങൾക്ക് ഒപ്പം നിൽക്കുന്ന സംസ്ഥാനസർക്കാർ നമ്മുടെ വിദ്യാലയത്തെ മികവിന്റെ പട്ടികയിൽ ഉൾപ്പെടുത്തി എന്നത് അങ്ങേയറ്റം അഭിമാനകരമാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച നമ്മുടെ പ്രിയപ്പെട്ട എം.എൽ.എ. ശ്രീ. മുല്ലക്കര രത്നാകരനോട് ഈ നാട് ഏറെ കടപ്പെട്ടിരിക്കുന്നു. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ അഞ്ചുകോടി രൂപ നൽകിയിട്ടുണ്ട്. ഒപ്പം എം.പി., എം.എൽ.എ, ത്രിതല പഞ്ചായത്തുകൾ എന്നിവരും നമ്മെ സഹായിക്കും. അതോടെ നമ്മുടെ വിദ്യാലയം ഭൗതികസാഹചര്യങ്ങളിൽ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയരും.

പക്ഷേ അതുമാത്രം പോരാ. മാറുന്ന ഭൗതികസാഹചര്യങ്ങൾക്ക് അനുസരിച്ച് സ്കൂൾ അന്തരീക്ഷം ആകെ മാറേണ്ടതുണ്ട്. അതിന് ബഹുജനപങ്കാളിത്തവും സാമ്പത്തിക സഹായവും അനിവാര്യമാണ്. അതിലേക്ക് പൂർവ്വികർ കാട്ടിയ ഒരുമയുടെ മാതൃക നമുക്ക് മുന്നിലുണ്ട്. നാം കൊതിച്ചതും നമുക്ക് കിട്ടാതെ പോയതുമായ ഒരു സ്കൂൾ അന്തരീക്ഷം നമുക്ക് വരും തലമുറയ്ക്കായി ഒരുക്കിയെടുക്കണം. അതിനായി ഈ നാടിന്റെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കണം. തീർച്ചയായും താങ്കളും വിലയേറിയ സാന്നിധ്യ-സഹായ-സഹകരണങ്ങളാൽ ഒപ്പമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

വിശ്വാസപൂർവ്വം

| | | |
|---|---|---|
| വി.വേണുകുമാരൻ നായർ<br>(PTA പ്രസിഡന്റ്) | എസ്.ബിന്ദു<br>(HSS പ്രിൻസിപ്പാൾ) | ടി.ലിസി<br>(ഹെഡ്മിസ്ട്രസ് ) |
| അനിൽ റോയ് മാത്യു<br>(VHSS പ്രിൻസിപ്പാൾ) | മിനി ബൈജു<br>(മാതൃസമിതി പ്രസിഡന്റ്) | എ. ഷിയാദ്ഖാൻ<br>(സ്റ്റാഫ് സെക്രട്ടറി) |



## CM'S MESSAGE

### ശ്രീ. പിണറായി വിജയൻ

ബഹു. കേരളാ മുഖ്യമന്ത്രി

**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

നം.6/പ്രസ്/സി.എം.ഒ/2018. ഫെബ്രുവരി 08, 2018

**സന്ദേശം**


കൊല്ലം കടയ്ക്കൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി മികവിന്റെ കേന്ദ്ര മാക്കി മാറ്റുന്നതിന്റെ ഭാഗമായി ഒരു വികസനരേഖ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം യാഥാർത്ഥ്യമാക്കുന്നതിനും വിദ്യാർത്ഥികൾക്ക് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് തയ്യാറാക്കുന്ന വികസനരേഖയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

Smt. Bindu. S, Principal
Govt. Higher Secondary School,
Kadakkal, Kollam - 691 536
ghsskadakkal@gmail.com

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489
ഇ-മെയിൽ : chiefminister@kerala.gov.in വെബ്സൈറ്റ് : www.keralacm.gov.in



## MINISTER FOR EDUCATION'S MESSAGE

### ശ്രീ. സി. രവീന്ദ്രനാഥ്

ബഹു. കേരളാ വിദ്യാഭ്യാസവകുപ്പ് മന്ത്രി

**പ്രൊഫ. സി. രവീന്ദ്രനാഥ്**
വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരള സർക്കാർ

**സന്ദേശം**

കടക്കൽ ഗവ: ഹയർ സെക്കണ്ടറി & വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ 2017-18 അധ്യയന വർഷത്തിൽ ഒരു സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്.

സുദീർഘമായ പ്രവർത്തന കാലയളവിൽ വിദ്യാലയത്തിന് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും പൂർവ്വവിദ്യാർത്ഥികൾക്ക് ഓർമ്മകൾ പങ്കുവെയ്ക്കാനും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കലാ സാഹിത്യ സൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും സ്മരണിക വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സി .രവീന്ദ്രനാഥ്

പ്രിൻസിപ്പൽ
ഗവ: ഹയർ സെക്കണ്ടറി &
വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
കടക്കൽ, കൊല്ലം
ghsskadakkal@gmail.com

ഓഫീസ് : അഞ്ചാം നില, റൂം നമ്പർ 505
ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 ഫാക്സ് : 0471-2332133 വസതി : 0487-2383229
മൊബൈൽ : 9447973300 വെബ്സൈറ്റ് : www.ravindranath.org



N.K. PREMACHANDRAN
Member of Parliament
(Lok Sabha)
Kollam, Kerala

'Maheswary', Cantonment P.O.
Kollam - 691 001 (Kerala)
Tel.: 0474-2769922

9, Canning Lane
(Pt. Ravi Shankar Shukla Lane)
New Delhi - 110 001
Tel.: 011-23380261
E-mail: nkprem07@gmail.com

## സന്ദേശം

സ്വാതന്ത്ര്യ പൂർവ്വഘട്ടത്തിൽ ആരംഭിച്ച് മികവാർന്ന പ്രവർത്തനത്തിലൂടെ വിദ്യാഭ്യാസരംഗത്ത് ഉന്നതമായ സ്ഥാനം ലഭിച്ച മാതൃകാ വിദ്യാലയമാണ് കടയ്ക്കൽ ഗവ: ഹയർ സെക്കന്ററി & വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ. കടയ്ക്കലിലും സമീപ പ്രദേശങ്ങളിലും പൊതുവിദ്യാഭ്യാസരംഗത്ത് സ്കൂൾ നിർവ്വഹിച്ച നിർണ്ണായകമായ പങ്കാണ് പ്രദേശത്തെ പൊതുവിദ്യാഭ്യാസ തൊഴിലധിഷ്ഠിത വികസനത്തിനാധാരം. പഠന പാഠ്യേതര വിഷയങ്ങളിൽ മികച്ച സംഭാവനകൾ ചെയ്യുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നൂതനമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ സ്കൂൾ എന്നും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനിയർ ഭാവി തലമുറയ്ക്ക് സ്കൂളിന്റെ ചരിത്ര സാക്ഷ്യമായി മാറട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്കും സുവനിയറിനും എല്ലാവിധ ആശംസകളും നേരുന്നു.

എൻ.കെ. പ്രേമചന്ദ്രൻ



K. SOMAPRASAD
Member of Parliament
(Rajya Sabha)

N S. SMARAKAM

## സന്ദേശം

കടയ്ക്കൽ ഗവൺമെന്റ് ഹയർസെക്കന്ററി & വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി സംസ്ഥാന സർക്കാർ അംഗീകരിച്ചുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. സ്കൂൾകൈവരിച്ച നേട്ടങ്ങളും ഭാവി പരിപാടികളും വിശദീകരിച്ചുകൊണ്ട് ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നത് എന്തുകൊണ്ടും ഉചിതമായി.

എല്ലാ പ്രവർത്തനങ്ങൾക്കും എന്റെ വിജയാശംസകൾ...

സ്നേഹപൂർവ്വം

കെ.സോമപ്രസാദ് എംപി

കൊല്ലം
02.02.2018

പ്രിൻസിപ്പാൾ
ഗവ : എച്ച് എസ് എസ്
കടയ്ക്കൽ



മുല്ലക്കര രത്നാകരൻ

ഒരു നല്ല സ്കൂളിന്റെ നേർ സഹോദരനായി നാടിന്റെ ചരിത്രം വികസിച്ചു കൊണ്ടിരിക്കും. കടയ്ക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ചെറിയ തുടക്കത്തിൽ നിന്ന് ഇന്നിലെ കരുത്തു വളർച്ചയിൽ കടയ്ക്കലിന്റെ സാംസ്കാരിക-രാഷ്ട്രീയചരിത്രവും വളർന്നു കൊണ്ടേയിരിക്കുന്നു. ഒരു വിപ്ലവത്തിന്റെ ഓർമ്മകൾ അയവിറക്കുന്ന നാടിന് വിദ്യാഭ്യാസ വിപ്ലവത്തിന്റെ നിസ്സംശയമായി മാറുന്നു ഈ മഹത്തായ വിദ്യാലയം. ജനിച്ചു വീടൊന്നു വീട്, കഴിക്കാനാഹാരം, അറിവ് നൽകാനൊരു വിദ്യാലയം, നല്ല ഗുരുക്കന്മാർ. ഇതൊരു നാടിന്റെ ഭാഗ്യമാണ്. അതിലൊന്നായി ഈ വിദ്യാലയം നമ്മുടെ മുന്നിലുണ്ട്.

ലോകത്തെ നാമറിയണം. നമ്മെ ലോകം തിരിച്ചറിയണം. അങ്ങനെ നാം വിശ്വപൗരന്റെ ബന്ധുവായി ലോകപൗരനായി മാറണം. നമ്മുടെ പ്രസിദ്ധന്റയിരുന്ന പ്രണബ് കുമാർ മുഖർജി പറഞ്ഞതു പോലെ ആധുനിക ലോകത്തെ ധനം അറിവാണ്. വിശാലമായ അറിവും നന്മയുള്ള മൂല്യങ്ങളും ഉണ്ടെങ്കിൽ ലോകത്തെവിടെയും നാം സ്വീകാര്യനാവും. ഇല്ലെങ്കിൽ സ്വന്തം വീടിനും നാടിനും അധികപറ്റാവും. ലോകനിലവാരത്തിലേക്ക് ഈ കലാലയം മികവിന്റെ കേന്ദ്രമായി ഉയർന്നു വരുമ്പോൾ നമ്മൾ ലോക വിദ്യാഭ്യാസ ഭൂപടത്തിൽ ഇടംപിടിക്കുകയാണ്. അതിനായി എല്ലാവരുടെയും സന്തോഷത്തോടെയുള്ള സഹകരണം ഉണ്ടാകണം. ഒപ്പം ഈ വലിയ അത്ഭുതം എല്ലാവരുടെയും അന്തസ്സായി പങ്കുവയ്ക്കപ്പെടുകയും വേണം.

സ്നേഹാദരങ്ങളോടെ

മുല്ലക്കര രത്നാകരൻ



കെ. ജഗദമ്മ ടീച്ചർ
പ്രസിഡന്റ്
മൊബൈൽ: 9447093446, 9446527126

കൊല്ലം ജില്ലാപഞ്ചായത്ത്
തേവള്ളി പി.ഒ., കൊല്ലം-9
ഫോൺ 2793446, 2795198(O) 0474-2460803(R)
ഫാക്സ്: 0474-2790422

## സന്ദേശം

സ്വാതന്ത്ര്യ പൂർവ്വഘട്ടത്തിൽ ചെറിയ ഇംഗ്ലീഷ് മീഡിയം സ്കൂളായി പ്രവർത്തനം ആരംഭിച്ച് ഏഴ് പതിറ്റാണ്ട് പിന്നിടുന്ന കടയ്ക്കൽ ഗവ. ഹയർസെക്കന്ററി & വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന്റെ വളർച്ചാവികാസങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

കൊല്ലം
05/01/2018

കെ. ജഗദമ്മ ടീച്ചർ

# ARIAL VIEW

REVITALISATION OF
GOVT. HS, HSS, VHSE
CHINGELI KADAKKAL







NEW AUDI BLOCK

# 2017-18 ലെ നേട്ടങ്ങളിലൂടെ



ചടയമംഗലം സബ് ജില്ലാ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഓവറോൾ ചാമ്പ്യന്മാരായ കടയ്ക്കൽ ഗവ: ഹൈസ്കൂൾ ടീം



കടയ്ക്കൽ ഗവ. ഹൈസ്കൂളിൽനിന്നും കൊല്ലം ജില്ലാ കലോത്സവത്തിൽ ഹൈ സ്കൂൾ വിഭാഗത്തിൽ സംസ്ഥാന കലോത്സവത്തിന് യോഗ്യത നേടിയ അജിൻ.ബി (ഓടക്കുഴൽ ), പ്രിജിൻ ജേക്കബ് (മോണോ ആക്ട് - ബോയ്സ് ), ജീന ഫാത്തിമ പദ്യം ചൊല്ലൽ ഇംഗ്ലീഷ്.





















## കടയ്ക്കൽ ഗവൺമെന്റ് ഹൈസ്കൂൾ:
# നാൾവഴികളിലൂടെ



കടയ്ക്കലിന്റെ അക്ഷരമണ്ണിൽ അറിവിന്റെ നിറവസന്തം തീർത്ത് നിലകൊള്ളുന്ന അക്ഷയജ്യോതിസ്സായ കടയ്ക്കൽ ഗവ: വൊക്കേഷണൽ ഹയർസെക്കന്ററി & ഹയർസെക്കന്ററി സ്കൂൾ സപ്തതിയുടെ സൗന്ദര്യദീപ്തിയിലേക്ക് കടക്കുന്നു. കാലം കൈത്തലത്തിൽ കരുതലോടെ കാത്തുവച്ച ഈ അക്ഷരത്തണൽ ഇന്ന് സംസ്ഥാനത്തിലെ തന്നെ മികച്ച വിദ്യാലയങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ഈ നേട്ടത്തിന് സഹായകമായി വർത്തിച്ച പൂർവ്വസൂരികളെ ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

സ്വാതന്ത്ര്യപൂർവ്വഘട്ടത്തിൽ ശ്രീ.തട്ടാമല രാമൻപിള്ള സാർ ആരംഭിച്ച ഇംഗ്ലീഷ് മിഡിൽ സ്കൂളാണ് ഇന്നത്തെ കടയ്ക്കൽ സ്കൂളിന്റെ പ്രാഗ് രൂപം. കാലാന്തരത്തിൽ പഠിതാക്കളുടെ കുറവ് കാരണം അദ്ദേഹം ഇവിടുത്തെ കെട്ടിടങ്ങൾ ആശുപത്രിക്കായി വിട്ടു നൽകി. എന്നാൽ 1934-ൽ ആശുപത്രി കടയ്ക്കൽ ഠൗണിലേക്ക് മാറ്റാനുള്ള സാഹചര്യമുണ്ടായി. അന്നവിടെ പ്രവർത്തിച്ചിരുന്ന ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് കുളത്തുപ്പുഴയിലേക്ക് മാറിയതാണ് ആ സാഹചര്യം. ആശുപത്രി കടയ്ക്കൽ ഠൗണിലേക്ക് മാറ്റാൻ നേതൃത്വം നൽകിയത് അന്നത്തെ മെഡിക്കൽ ഓഫീസറായിരുന്ന ഡോ.ഗോവിന്ദൻ ആയിരുന്നു.

ആശുപത്രി കടയ്ക്കൽ ഠൗണിലേക്ക് മാറ്റിയതോടെ ഒഴിവുവന്ന മൂന്നര ഏക്കർ സ്ഥലം തട്ടാമല രാമൻപിള്ള സാറിൽ നിന്നും അക്കാലത്തെ ചില പൗരപ്രമുഖർ 10000 രൂപയ്ക്ക് വിലയാധാരമെഴുതി. സർവ്വശ്രീ കരിങ്ങാട്ട് കുട്ടൻപിള്ള, പുല്ലുപണയിൽ കൊച്ചപ്പി മുതലാളി, ഇടത്തറ അച്യുതൻവൈദ്യൻ, മറുപുറത്ത്പത്മനാഭപിള്ള, വാസുപിള്ള എന്നിവരുടെ നേതൃത്വത്തിൽ 76 പേർക്ക് 100 ഓഹരികൾ നൽകിയാണ് ആ പണം സ്വരൂപിച്ചത്. 1959 വരെ ഒരു പ്രഥമാധ്യാപകന്റെ കീഴിൽ UPHS വിഭാഗം പ്രവർത്തിച്ചു. തുടർന്ന് ഹൈസ്കൂൾ മാത്രമായി നിലനിർത്തപ്പെടുകയും ചെയ്തു. ആദ്യമുണ്ടായിരുന്ന 3 1/2 ഏക്കറിന്റെ സ്ഥാനത്ത് 3 ഏക്കർ കൂടി കൂട്ടിച്ചേർക്കപ്പെട്ടു. 1953 മാർച്ചിൽ ആദ്യത്തെ SSLC ബാച്ച് പരീക്ഷയെഴുതി.

1995 ജൂലായ് മാസത്തിൽ ഈ സ്ഥാപനം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർന്നു. 2004-ൽ ഹയർസെക്കന്ററിയും ഇതിന്റെ ഭാഗമായി. ഇന്ന് ഹൈസ്കൂൾ, വൊക്കേഷണൽ ഹയർസെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി 2500 ൽപരം വിദ്യാർത്ഥികളും 100 ഓളം ജീവനക്കാരും ഈ മഹത് സ്ഥാപനത്തിന്റെ ഭാഗമാണ്.

ഹൈസ്കൂൾ വിഭാഗത്തിൽ ജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളിലൊന്നായി നമ്മുടെ സ്കൂൾ നിലകൊള്ളുന്നു. ഓരോ വർഷവും വർദ്ധിക്കുന്ന കുട്ടികളുടെ എണ്ണം നമ്മുടെ സ്ഥാപനത്തിൽ പ്രതീക്ഷയർപ്പിക്കുന്ന പൊതുസമൂഹത്തെയാണ് വെളിപ്പെടുത്തുന്നത്. ആ പ്രതീക്ഷ നമ്മുടെ ഉത്തരവാദിത്വത്തെ വർധിപ്പിക്കുന്നു. തീർച്ചയായും ആ ഉത്തരവാദിത്വം അതർഹിക്കുന്ന ഗൗരവത്തിൽ ഏറ്റെടുക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. ഒരു സ്കൂൾ എന്ന നിലയിൽ സർവ്വതലസ്പർശിയായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. കടലാസുകളിൽ മാത്രമൊതുങ്ങാതെ എല്ലാ ക്ലബുകളും സജീവമായി പ്രവർത്തിക്കുന്നു. ഓരോ വർഷവും മെച്ചപ്പെടുന്ന റിസൾട്ട് കൂട്ടായ്മയുടെ കരബലത്തിലാണ് പിറവിയെടുക്കുന്നത്. ഇക്കഴിഞ്ഞ SSLC പരീക്ഷയിൽ 95% വിജയം നേടി. ഇതിൽ 50 ഫുൾ A+ കാരേയും സൃഷ്ടിച്ചിട്ടുണ്ട്. പഠനരംഗത്ത് മാത്രമല്ല പാഠ്യേതരരംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കലാമേളകളിൽ സബ്ജില്ലാ ഓവറോൾ ചാമ്പ്യൻഷിപ്പ് തുടർച്ചയായി നമ്മുടെ സ്കൂളിനാണ് ലഭിക്കുന്നത്. കായിക-ശാസ്ത്ര-സാഹിത്യ-ക്വിസ് മത്സരങ്ങളിൽ നമ്മുടെ പ്രതിഭകൾ സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. SPC സ്കൗട്ട് & ഗൈഡ്, JRC, നന്മ ക്ലബ്, ഹരിത സേന തുടങ്ങി വിവിധ ക്ലബുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ വർഷത്തെ ഹരിത വിദ്യാലയ പുരസ്കാര പട്ടികയിൽ ഇടം നേടാൻ നമുക്ക് കഴിഞ്ഞത്. കൊല്ലം ജില്ലയിൽ നിന്ന് ഈ പട്ടികയിൽ ആകെ മൂന്ന് സ്കൂളുകൾ മാത്രമേ ഉള്ളൂ എന്നതും ശ്രദ്ധിക്കേണ്ടതാണ്.

1995-ൽ വൊക്കേഷണൽ ഹയർസെക്കന്ററി നമുക്ക് ലഭ്യമായപ്പോൾ നാടിന്റെ മറ്റൊരു വിദ്യാഭ്യാസസ്വപ്നമാണ് സഫലമായത്. പിന്നിട്ട വർഷം 100% വിജയം നേടി സംസ്ഥാനത്തെ തന്നെ മികച്ച വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗമായി മാറാൻ നമുക്ക് കഴിഞ്ഞു. പഠനരംഗത്തു മാത്രമല്ല പാഠ്യേതരരംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. കേരളത്തിലാദ്യമായി ഹോസ്പിറ്റൽ ലൈബ്രറി എന്ന ആശയം സാക്ഷാത്കരിച്ചത് VHSE യിലെ NSS യൂണിറ്റാണ്. കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ രൂപീകരിച്ച അക്ഷരത്തണൽ ലൈബ്രറി മാതൃകപരമായി പ്രവർത്തിക്കുന്നു. നിർധന രോഗികൾക്കായി ആരംഭിച്ച ചോറ്റുപാത്രം പദ്ധതിയും നല്ല രീതിയിൽ നടക്കുന്നു. ഇക്കഴിഞ്ഞ സപ്തദിനക്യാമ്പിന്റെ ഭാഗമായി എക്സ് സർവ്വീസ് മെൻ സ്കൂളിൽ കിണർ കുഴിച്ചു നൽകിയ പ്രവർത്തനം മികച്ച മാധ്യമ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്.

2004-ൽ ഹയർ സെക്കന്ററി വിഭാഗം പ്രവർത്തനം ആരംഭിച്ചു. നമ്മുടെ നാടിന്റെ ചിരകാലസ്വപ്നമായിരുന്നു അന്ന് സാക്ഷാത്കരിക്കപ്പെട്ടത്. സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിലായി മൂന്ന് ബാച്ച് പ്രവർത്തിക്കുന്നു. പിന്നിട്ട വർഷങ്ങളിലെല്ലാം 90% ത്തിലധികം വിജയം നേടാനായത് പഠനരംഗത്ത് നടത്തിയ പ്രവർത്തന മികവിന്റെ സാക്ഷ്യമാണ്. NSS, സ്കൗട്ട് & ഗൈഡ്, വിവിധ ക്ലബുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. NSSന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കനിവ്, വിജ്ഞാനച്ചെപ്പ്, വീടുകളിലെ പച്ചക്കറിത്തോട്ടം, സ്കൂൾ പച്ചക്കറിത്തോട്ടം എന്നിവ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. സ്കൂളിലെ ഒരു കുട്ടിക്ക് വീട് നിർമ്മിച്ചു നൽകുന്ന സ്നേഹവീട് പദ്ധതി പുരോഗമിക്കുന്നു. ഈ അധ്യയന വർഷം തന്നെ പണി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയമേളകളിലും യുവജനോത്സവങ്ങളിലും സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന വിജയം കരസ്ഥമാക്കുവാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

കാലം ഒരുപാട് കൂട്ടിച്ചേർക്കലുകളാൽ ഈ സ്ഥാപനത്തെ സമ്പന്നമാക്കിയിട്ടുണ്ട്. അക്ഷരസ്നേഹികളായ പൂർവ്വികർ, ഉദ്ദേശ്യശുദ്ധിയുള്ള ജനപ്രതിനിധികൾ, ത്രിതലപഞ്ചായത്തുകൾ, കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്, പ്രവാസി സംഘം, SBI Life തുടങ്ങി ഒത്തിരി ഏജൻസികളും സ്ഥാപനങ്ങളും വ്യക്തികളും നാളിതുവരെയുള്ള സ്ഥാപനത്തിന്റെ വളർച്ചയെ സംഭാവനകളാൽ സമ്പന്നമാക്കിയിട്ടുണ്ട്. ഈ അധ്യയനവർഷത്തിന്റെ തുടക്കത്തിൽ SBI Life ഫർണീച്ചർ വാങ്ങുന്നതിലേക്ക് 3 1/2 ലക്ഷം രൂപ നൽകി. ക്ലാസ്സ് മുറികളെ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി കടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് 1.25 ലക്ഷം രൂപ ചെലവിൽ ക്ലാസ്സുകളിൽ ചെറിയ അലമാര വയ്ക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ കുടിവെള്ളത്തിനായി 11 1/2 ലക്ഷം രൂപ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് അനുവദിച്ചു. ജില്ലാ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റ്, ഗ്രാമപഞ്ചായത്തിന്റെ ബയോഗ്യാസ് പ്ലാന്റ് പദ്ധതി, കൂടാതെ കേന്ദ്രഗവൺമെന്റിന്റെ ATL പദ്ധതിപ്രകാരം 20 ലക്ഷം രൂപ ലാബ് നിർമ്മാണത്തിന് ലഭ്യമായിട്ടുണ്ട്. ഒപ്പം നമ്മുടെ സ്കൂളിന് ഒരു ബസ് ശ്രീ. മുല്ലക്കര രത്നാകരൻ MLA അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്ക് കടയ്ക്കൽ ഗ്രാമപഞ്ചായത്ത് 11 .5 ലക്ഷം രൂപ മുടക്കി നടപ്പിലാക്കുന്ന പദ്ധതി നിർമ്മാണഘട്ടത്തിലാണ്.

ഇക്കുറി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരു നിയോജക മണ്ഡലത്തിൽനിന്നും ഒരു സ്കൂൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തപ്പെടുകയാണ്. ഇതിൽ ചടയമംഗലം മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ സ്കൂളാണ്. ഇതിലേയ്ക്ക് 10 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ തുക സംസ്ഥാന സർക്കാർ, MLA ഫണ്ട്, രാജ്യസഭ MP, ലോകസഭ MP, ത്രിതലപഞ്ചായത്തുകൾ എന്നിങ്ങനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇവ ഉപയോഗിച്ച് കെട്ടിടം പണികൾ പൂർത്തീകരിക്കാനാകും. എന്നാൽ അതിനനുസരിച്ച് ക്ലാസ് മുറികൾ, ലൈബ്രറി, ലാബുകൾ, കളിസ്ഥലങ്ങൾ എന്നിവ തയ്യാറാക്കാൻ ആവശ്യമായ സമ്പത്ത് നമുക്ക് കണ്ടെത്തിയേ തീരൂ. അതിലേക്ക് ഈ നാട് ഒരുമിക്കേണ്ടതുണ്ട്. കൂട്ടായ്മയുടെ മികച്ച മാതൃക നമ്മുടെ പൂർവ്വികർ നമുക്ക് കാട്ടി തന്നിട്ടുണ്ട്. തീർച്ചയായും ആ കൂട്ടായ്മയുടെ ഒരു കണ്ണി താങ്കൾ കൂടിയായിരിക്കും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഈ മഹത് സംരംഭത്തിന് താങ്കളുടെ കഴിവിന്റെ പരമാവധി സഹായം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസപൂർവ്വം,

| | |
|---|---|
| **V. വേണുകുമാരൻ നായർ**<br>PTA പ്രസിഡന്റ് | **M.ഷാജഹാൻ**<br>PTA വൈസ് പ്രസിഡന്റ് |
| **മിനി ബൈജു,**<br>(മാതൃസമിതി പ്രസിഡന്റ് ) | **S.ബിന്ദു**<br>(HSS പ്രിൻസിപ്പാൾ) |
| **T.ലിസി**<br>ഹെഡ്മിസ്ട്രസ് | **A. ഷിയാദ്ഖാൻ**<br>സ്റ്റാഫ് സെക്രട്ടറി |
| **അനിൻ റോയ് മാത്യു**<br>VHSS പ്രിൻസിപ്പാൾ | **ശിവപ്രസാദ്.G.N** |

# COST ESTIMATE
## CONSTRUCTION OF NEW BUILDING AND RENOVATION WORKS FOR GOVERNMENT H.S, H.S.S, V.H.S.E CHINGELI-KADAKKAL



| Sl No | Description | Amount |
|---|---|---|
| A | H S Block New Construction (9262 Sq Ft) | 19,000,000.00 |
| B | New Block (16570 Sq Ft) | 33,200,000.00 |
| C | Multipurpose Indor Hall (1140 Sq Ft) | 1,700,000.0 |
| D | H S Block-2 Vertical Extension (3828 Sq Ft) | 7,700,000.00 |
| E | H S S Block Ground Floor & First Floor Extension (5462 Sq Ft) | 11,000,000.0 |
| F | Block Roof Changing Only ( Shingles Roof) | 350,000.00 |
| G | Demolishing And Site Development | 300,000.00 |
| H | Gate Way | 1,000,000. |
| I | External Path Way | 500,000.00 |
| J | Landscaping | 500,000.00 |
| K | Rainwater Harvesting | 500,000.00 |
| L | Solar Lighting | 1,000,000.00 |
| M | Front Facade Treatment Three | 2,500,000.00 |
| N | Waste Management | 400,000.00 |
| O | Football Court | 1,000,000.00 |
| P | IT Component ( 20 Class Room) | 2,000,000.00 |
| Q | Bio Park | 1,000,000.00 |
| | | 83,650,000.00 |
| | Statutory Payment And Professional Fees | 14,200,000.00 |
| | Unforeseen Expenses | 150,000.00 |
| | Grand Total ( Rupees Nine Crore Eighty Lakhs Only) | 98,000,000.00 |

## കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്

Kadakkal Service Co-Operative Bank

ക്ലാസ് 1 സൂപ്പർ ഗ്രേഡ് ബാങ്ക്
കടയ്ക്കൽ പി.ഒ, കൊല്ലം 691536.
Tel. 0474 2422035, Email: scbkadakkal4u@gmail.com



**കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകൾ**

കുമ്മിൾ (0474 2447073)
കാഞ്ഞിരത്തുംമൂട് (0474 2429135)
കുറ്റിക്കാട് (0474 2425835)
മുക്കുന്നം (0474 2424035)
കടയ്ക്കൽ ടൗൺ (0474 2422435)
(പ്രഭാത സായാഹ്ന ശാഖ - 8 am to 8 pm)

- 25,000 മുതൽ 25,00,000 വരെ സലയുള്ള ചിട്ടികൾ / GDCS.
- പരമാവധി 25 ലക്ഷം രൂപ വരെ ബിസിനസ് വായ്പ
- കുടുംബശ്രീ യൂണിറ്റുകൾക്ക് 5 ലക്ഷം രൂപ വരെ വായ്പ
- തിരുവോണം - റമദാൻ ഡെപ്പോസിറ്റ് പദ്ധതിയിൽ 10000 കുടുംബങ്ങൾ
- ആർ.ടി.ജി.എസ് / എൻ.ഇ.എഫ്.ടി സൗകര്യം.
- 5 ലക്ഷം രൂപ വരെ ഹ്രസ്വകാല കാർഷികേതര വായ്പ
- ഭവനനിർമ്മാണത്തിന് 15 ലക്ഷം വരെ വായ്പ

പ്രസിഡന്റ് - **കെ.മധു**
സെക്രട്ടറി - **പി.അശോകൻ**

## രാഷ്ട്രമന്ദിരം കോളേജ് & ഓപ്പൺ സ്കൂൾ

(ഗവ: അംഗീകൃതം)
എക്സ്ചേഞ്ച് റോഡ്, കടയ്ക്കൽ
ഫോൺ: 0474-2422572, 9447091896,9496847574





**ക്ലാസ്സുകൾ**

- +1,+2 (OPEN SCHOOL)
- B.COM CO-OPERATION
- SCHOOL GOING CLASSES (1 to 10)
- CBSE ALL CLASSES
- M.A, M.COM
- B-TECH TUTION
- B.A ALL SUBJECTS
- DEGREE ALL SUBJECTS TUTION


# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സമഗ്രഗുണമേന്മാവിദ്യാലയ വികസനപദ്ധതിയിൽ പരിഗണിക്കാവുന്ന പ്രവർത്തനങ്ങൾ

## അക്കാദമികം

ഭാഷാശേഷി വികസനം, ഗണിത ശേഷി വികസനം, ഇംഗ്ലീഷ് പഠന പരിപോഷണം, ശാസ്ത്രപോഷണ പരിപാടി, വായനാ പരിപോഷണം, ലൈബ്രറി ശാക്തീകരണം, ആധുനിവത്കരിക്കൽ ലബോറട്ടറി, പ്രതിഭാപോഷണ പരിപാടി, നാടകക്കളരി, ജൈവവൈവിധ്യപാർക്ക്, സാഹിത്യപോഷണ പരിപാടികൾ, പഠനയാത്രകൾ, സെമിനാറുകൾ, കലാ-കായികമേള, ഐ.ടി.പരിശീലനം, അധ്യാപക ശാക്തീകരണ പരിപാടികൾ, ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ, സ്കൂൾ പത്രം/മാസിക, പ്രവൃത്തി പരിചയപഠനം, ഒന്നാം ക്ലാസ്സ് ഒന്നാം തരം, എസ്.ആർ..ജി.ശാക്തീകരണം, ശാസ്ത്രാഭിരുചി വളർത്തൽ, പച്ചക്കറിത്തോട്ടം, രചനാശില്പശാല, അഭിമുഖങ്ങൾ, മെഡിക്കൽ ക്യാമ്പ്, പോഷകാഹാര പരിപാടി, പാവനാടക പരിശീലനം/ ശില്പശാല, ഒറിഗാമി ശില്പശാല, ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ, ഭാഷാലാബ്, ബാല, ബ്ലോഗ്, ടേം മൂല്യനിർണ്ണയം, നിരന്തരവിലയിരുത്തൽ, ദിനാചരണം, കായിക പഠനം, ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

## ഭൗതികം


ചുറ്റുമതിൽ, ഗേറ്റ്, കളിസ്ഥലം, ചിൽഡ്രൻസ് പാർക്ക്, ക്ലാസ്സ് മുറികൾ, ഓഫീസ് മുറി, സ്റ്റാഫ് മുറി, വിശ്രമമുറി, കമ്പ്യൂട്ടർ റൂം, മൾട്ടിമീഡിയ റൂം, ലൈബ്രറി, അടുക്കള, ഡൈനിംഗ്ഹാൾ, അസംബ്ലിഹാൾ, കുടിവെള്ള വിതരണം, മാലിന്യസംസ്കരണം, ടോയിലറ്റ്, ലബോറട്ടറി, നീന്തൽകുളം

## സാമൂഹികം

പി.ടി.എ ശക്തിപ്പെടുത്തൽ, എസ്.എം.സി, എസ്.സി.എം.സി കാര്യക്ഷമമാക്കൽ, വിദ്യാലയ വികസനസമിതി, പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം, എസ്.എസ്.ജി, എൽ.എസ്.ജി ബന്ധം, ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പൂർവാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ, എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ., ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ, വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ, വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ, റിസോഴ്സ് മാപ്പിംഗ്., ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ, വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ, വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ, റിസോഴ്സ് മാപ്പിംഗ്.

## വികസനകമ്മിറ്റി ഭാരവാഹികൾ

**മുഖ്യരക്ഷാധികാരികൾ** / **രക്ഷാധികാരികൾ**



ശ്രീ. മുല്ലക്കര രത്നാകരൻ MLA
ശ്രീ.N.K. പ്രേമചന്ദ്രൻ MP
ശ്രീ. K.സോമപ്രസാദ് MP
K.ജഗദമ്മ ടീച്ചർ (ജില്ലാ പഞ്ചാ. പ്രസിഡന്റ്)
S. അരുണാദേവി (ബ്ലോക്ക് പഞ്ചാ. പ്രസിഡന്റ്)
R.S. ബിജു (ഗ്രാമപഞ്ചാ. പ്രസിഡന്റ്)

**ചെയർമാൻ** / **വർക്കിംഗ് ചെയർമാൻ** / **വൈസ് ചെയർമാൻമാർ**



P.R.പുഷ്കരൻ (ജില്ലാ പഞ്ചാ. മെമ്പർ)
V.വേണുകുമാരൻ നായർ
M.ഷാജഹാൻ (PTA വൈസ് പ്രസിഡന്റ്)
V.സുബ്ബലാൽ (സ്കൂൾ സംരക്ഷണ ചെയർമാൻ)
C.R. ജോസ് പ്രകാശ് (പൂർവ വിദ്യാർത്ഥി സംഘടനാ പ്രസിഡന്റ്)
C.F.മിനിമോൾ (MPTA പ്രസിഡന്റ്)

**കൺവീനർ** / **ജോയിന്റ് കൺവീനർമാർ**



S.ബിന്ദു Principal, HSS
T.ലിസി HM
അനിൽ റോയ് മാത്യു (VHSS Principal)
R.റാണി (സീനിയർ അസിസ്റ്റന്റ്)
P.G. ലേഖ (SRG കൺവീനർ)

സുവർണ്ണനേട്ടങ്ങളോടെ... സുവർണ്ണ ജൂബിലി വർഷത്തിൽ..

സുവർണ്ണ ജൂബിലി 1967- 2017

TSCB
THUDAYANNOOR SERVICE CO-OPERATIVE BANK

സ്ഥിര നിക്ഷേപങ്ങൾക്ക് ഇപ്പോൾ
ഏറ്റവും ഉയർന്ന പലിശ

# തുടയന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ Q.371. H.O. **തുടയന്നൂർ.** ഫോൺ : 0474 2444051.
ബ്രാഞ്ചുകൾ : **ചുണ്ട.** ഫോൺ : 0474 2438604, **വയലാ.** ഫോൺ : 0474 2438051

ജെ.സി. അനിൽ (പ്രസിഡന്റ്)
ഫോൺ : 9447080297

അനിത എസ്.നായർ
(സെക്രട്ടറി)

രാജ്യവികസനത്തിന് സഹകരണപ്രസ്ഥാനം
സാമൂഹ്യ പുരോഗതിയ്ക്ക് സഹകരണപ്രസ്ഥാനം



# എം.എസ്.എം
## അറബിക് കോളേജ്, കടയ്ക്കൽ

**ഫോൺ:** 0474 2422371 & 2002477
(Run by: MSM Educational & Charitable Trust-Regd)

ദക്ഷിണകേരളത്തിലെ പ്രമുഖ അറബി-ഇസ്ലാമിക വിദ്യാഭ്യാസ സ്ഥാപനമായ കടയ്ക്കൽ എം.എസ്.എം അറബിക് കോളേജ് വിജയകരമായ 24-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ഉത്തമ വിദ്യാഭ്യാസം നൽകുന്ന പ്രശസ്ത സ്ഥാപനം.

**പരീക്ഷ കോഴ്സുകൾ**

- അഫ്സലുൽ ഉലമാ- പ്രിലിമിനറി ( +2 വിന് തുല്യം) (കോഴിക്കോട് യൂണിവേഴ്സിറ്റി) മിനിമം യോഗ്യത SSLC, പഠനകാലം 2 വർഷം
- ബി.എ- അഫ്സലുൽ ഉലമാ ഡിഗ്രി (കേരളയൂണിവേഴ്സിറ്റി) യോഗ്യത : +2 /പ്രിലിമിനറി, പഠനകാലം 3 വർഷം
- ബി.എ- അറബിക് മെയിൻ (കേരള യൂണിവേഴ്സിറ്റി) യോഗ്യത : +2 , പഠനകാലം 3 വർഷം
- എം.എ - അറബിക് (കേരള യൂണിവേഴ്സിറ്റി) യോഗ്യത : ബി.എ. ഡിഗ്രി, പഠനകാലം 2 വർഷം

ഇവയിൽ ഏത് പരീക്ഷ പാസായാലും അറബി അദ്ധ്യാപകരാകാം. അറബി ഭാഷ പരിജ്ഞാനമില്ലാത്തവരെ അക്ഷരമാല മുതൽ പഠിപ്പിച്ച് യോഗ്യരാക്കുന്ന പ്രിപ്പറേറ്ററി കോഴ്സ് (സ്പെഷ്യൽ കോച്ചിംഗ്) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം

സ്ഥിരമായി K.TET/PSC/SET/NET കോച്ചിംഗ് ക്ലാസ്സുകളും പി.എച്ച്.ഡി. ഗവേഷക വിദ്യാർത്ഥികൾക്ക് ഗൈഡൻസും നൽകപ്പെടുന്ന ഏക സ്ഥാപനം

കമ്പ്യൂട്ടർ കോഴ്സ് (MSO, DTP, ARABIC, ENG, MALAYALAM)
ഡിപ്ലോമ ഇൻ ഫംഗ്ഷണൽ അറബിക് - ഒരു വർഷം
അറബിക് ഫോർ കമ്മ്യൂണിക്കേഷൻ (സ്പോക്കൺ)- 6 മാസം
ARABIC TRANSLATION COURSE - 6 മാസം

ബഹുഭാഷപണ്ഡിതനും മുൻകേരളാ അറബിക് സ്പെഷ്യൽ ഓഫീസറും കേരള യൂണിവേഴ്സിറ്റി റിസർച്ച് ഗൈഡുമായ ഡോ.എം.എസ്.മൗലവി യുടെ നേതൃത്വത്തിൽ സമർത്ഥരും പരിചയസമ്പന്ന രുമായ ഒരു ഡസനിലധികം സ്ഥിരം അദ്ധ്യാപകരുടെ മികച്ച സേവനം.

പ്രിൻസിപ്പാൾ & ഡയറക്ടർ
**ഡോ:എം.എസ്.മൗലവി**
മൊബൈൽ: 9447389563


## വികസനകമ്മിറ്റി അംഗങ്ങൾ


D.ലില്ലി


A.സൈനുദ്ദീൻ



S. സുദേവൻ


S.വിക്രമൻ


J.C. അനിൽ


A.ഹിദ്ദർ മുഹമ്മദ്


K.മധു


S.സന്ധ്യ


K.ദേവയാനി അമ്മ


R. ലത


M.ഷാജഹാൻ


അശോക് R. നായർ


അഡ്വ T.R. തങ്കരാജ്


V.ബാബു


A.താജുദ്ദീൻ


അഡ്വ. V.മോഹൻകുമാർ


B.ശിവദാസൻ പിള്ള


N.ഗോപിനാഥൻനായർ


P.മനോജ്


S.അനിൽകുമാർ


സുധിൻ



G.N. ശിവപ്രസാദ്


ഷിയാദ് ഖാൻ.A


K. വേണു


R. രവീന്ദ്രൻ പിള്ള


ജയപ്രകാശ്


നാസിമുദ്ദീൻ


അസ്ബർ
(സ്കൂൾ ചെയർമാൻ )


കെട്ടിടനിർമ്മാണവും അനുബന്ധജോലികളും
മൊത്തമായി ഉത്തരവാദിത്വത്തോടെ
കൃത്യസമയത്ത് ചെയ്ത് കൊടുക്കപ്പെടും



# MOOSA
CONSTRUCTIONS

**Chingeli, Kadakkal**
Tel.: 9447590679

# ചിതറ സർവ്വീസ് സഹകരണ ബാങ്ക്

**ക്ലിപ്തം നംപർ: 2818 ചിതറ, കൊല്ലം 691559 Tel. 04742429542**

ഇ–മെയിൽ : chitharascb2818@gmail.com

**ബ്രാഞ്ചുകൾ:** മടത്തറ, (ഫോൺ : 2442599),
മതിര, (ഫോൺ :2447525)
പ്രഭാത സായാഹ്ന ശാഖാ (ഫോൺ : 2429898)

- കംപ്യൂട്ടറൈസ്ഡ് സൂപ്പർഗ്രേഡ് ബാങ്ക്,
- സംസ്ഥാനത്തെ ക്ലാസ് ഒന്ന് സൂപ്പർഗ്രേഡ് ബാങ്കുകളിൽ ഒന്ന്
- കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ കാർഷിക വായ്പ വിതരണം നൽകുന്ന പ്രാഥമിക സർവ്വീസ് സഹകരണ ബാങ്ക്,
- സാധാരണ നിക്ഷേപങ്ങൾക്കും സ്ഥിരം നിക്ഷേപങ്ങൾക്കും ഉയർന്ന പലിശയും പരിപൂർണ്ണ സുരക്ഷിതത്വവും
- 10 ലക്ഷം രൂപ വരെ സലയുള്ള ജി.ഡി.എസുകൾ
- അമൂല്യ സ്വത്തുകൾ സുരക്ഷിതമായി സൂക്ഷിക്കുവാൻ സെഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യം.
- സഹകാരികൾക്ക് ആവശ്യമായ വിവിധയിനം വായ്പകൾ കച്ചവടം, വ്യവസായം എന്നിവ ഒഴികെയുള്ള അംഗീകൃത കാർഷികേതര ആവശ്യങ്ങൾക്ക് 10 ലക്ഷം രൂപവരെ
- സ്വർണ്ണപണയ വായ്പ ഒരാൾക്ക് 20 ലക്ഷം രൂപവരെ
- കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായവും ദിശാബോധവും നൽകുകയും പ്രോജക്ട് അനുസരിച്ച് 7.5 ലക്ഷം രൂപ വരെ വായ്പകൾ നൽകുകയും ചെയ്യുന്ന ബാങ്ക്
- 60 വയസ് വരെയുള്ള സംഘാംഗങ്ങൾ 250 രൂപ നിക്ഷേപിച്ചാൽ മരണാനന്തരചടങ്ങുകൾക്ക് 5000 രൂപ വരെ നൽകുന്ന കാരുണ്യ പദ്ധതി,
- അഭയ പദ്ധതി പ്രകാരം കാൻസർ, കിഡ്നി സംബന്ധമായ മാരകരോഗങ്ങൾ ബാധിച്ചവർക്ക് ധനസഹായം
- തിരുവോണം, റംസാൻ സമ്പാദ്യ പദ്ധതി
- നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.
- വെബ് അധിഷ്ഠിത കോർ ബാങ്കിംഗ് ഏർപ്പെടുത്തിയിട്ടുള്ള ബാങ്ക്
- 2 കോടി രൂപ ചെലവിൽ വിപുലമായ രീതിയിൽ ഷോപ്പിംഗ് ക്ലോപ്ലക്സ് നിർമ്മാണ ജോലികൾ നടന്നു വരുന്നു.

കരകുളം ബാബു
(പ്രസിഡന്റ്) ഫോൺ: 9447375503

ശുഭ. സി.സി
(സെക്രട്ടറി) ഫോൺ : 9447152989

# വിളയിൽ



**എർത്ത് വർക്ക്സ്**
**പാങ്ങലുകാട്, മുതയിൽ**
**Phone: 9846004870**

പാറ, പാറപ്പൊടി, മെറ്റിൽ,
എം-സാൻഡ്, പി-സാൻഡ്
എന്നിവ മിതമായ നിരക്കിൽ
ഇറക്കിക്കൊടുക്കപ്പെടും


# അക്കാദമികനേട്ടം സാക്ഷ്യങ്ങൾ



ദേവിക.എസ്, അമൃത.എസ്.രാജ്

സഫാന.സുധീർ, അനാമിക. എസ്, ആദ്യനന്ദ. ആർ. നായർ, ഗായത്രി.എസ്.എ, ആസിയ. എം.എസ്, ആരതി സുരേഷ്, ദേവിക.എൽ. കൃഷ്ണൻ, ദേവിപ്രിയ

സോനാലക്ഷ്മി, കൃഷ്ണപ്രിയ. എസ്, ആതിര കൃഷ്ണ. എൽ, വർഷാ ലാൽ, ഗോപിക. എസ്.എസ്, അഭിനന്ദ്. വി.എ, അഭിനാഥ്. പി, ജ്യോതിഷ്. എ.എസ്

ആരവ്. എസ്, ആരോമൽ. പി.സെൻ, അഭിഷേക്. എം.പി, മാനവ് രാജ്, അജുമൽ, ആരോമൽ.ഡി.എസ്, ആർദ്ര.എസ്.എസ്, ഹേന ജലീൽ

ദേവു. എം, അഞ്ജന. ജി. കൃഷ്ണ, ദക്ഷിണ ദയാൽ, നവമി. എ.എസ്, ആതിര ജയൻ, പാർവ്വതി. പി.എസ്, ഭാഗ്യ ജീവൻ.എസ്, ഫൗസിയ. എ

ആർദ്ര. എം.ബി, ആരതി ലക്ഷ്മി, അജിംഷ. എൻ.എസ്, മുഹമ്മദ് ആഷിക്.എ.എസ്, മിഥുൻ ബാബു, കൃഷ്ണ ജീവൻ, വിവേക്. വി.എസ്, അക്ഷയ്. എ.ജെ

റിനു ദാസ്, മുഹമ്മദ് സാബിക്, ഹരിശങ്കർ. ജെ.എസ്, സ്വാദിഷ്, അരവിന്ദ്. എം, അലിഫ് മുഹമ്മദ്, മിഥുൻ. എ.എസ്, അഫ്സൽ. എൻ

## മികവുറ്റ പ്രവർത്തനങ്ങൾ














# PMSA PTM

## ARTS AND SCIENCE COLLEGE

KUTTIKKADU.P.O., KADAKKAL, KOLLAM

**Affiliated to the University of Kerala** Estd: 2003

0474 2424692 8111938666
0474 2424690 9447654744

E-Mail: cpmsa_college@yahoo.com

**www.pmsacollege.com**



### Courses

B.com Computer Aplication | B.B.A | B.C.A | B.Sc Computer Science | B.Sc Industrial Microbiology & Bio Chemistry | B. A English | M.Com | M. Sc Bio-Chemistry | B.Voc Software Development | B. Com Co- Operation |